# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആതവനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എംപിഎം 13/913/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/06/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആതവനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എംപിഎം 13/913/2021 തീയ്യതി: 30/06/2021

## മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് പി (ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ))
ശ്രീ.ദിനേശൻ എം(ഓഡിറ്റ് ഓഫീസർ)
ശ്രീ.റിഷിൽ പി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.ഇദ്രീസ് അബ്ദുള്ള എ. സി(ഓഡിറ്റർ)
ശ്രീമതി. സുജിത പി.കെ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിത നായർ | പ്രസിഡന്റ് | 01-04-2019 | 23-02-2020 |
| ഖദീജ | പ്രസിഡന്റ് | 24-02-2020 | 31-03-2020 |
| കിരൺ ചന്ദ് എസ് ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| റോസി സി | സെക്രട്ടറി | 24-04-2019 | 11-07-2019 |
| കിരൺ ചന്ദ് എസ് ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2019 | 21-07-2019 |
| രാജൻ | സെക്രട്ടറി | 22-07-2019 | 05-08-2019 |
| സക്കീർ ഹുസൈൻ | സെക്രട്ടറി | 06-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മുനീറ ബീഗം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 04-04-2019 |
| ഖാലിദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-04-2019 | 31-03-2020 |
| മുഹമ്മദ് സബാഹ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| പ്രവീണ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ആരിഫ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| കിരൺ ചന്ദ് എസ് ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 09-12-2019 |
| പ്രീത എസ് നായർ | അസിസ്റ്റന്റ് സെക്രട്ടറി | 10-12-2019 | 31-03-2020 |
| മല്ലിക | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| സുജിത് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| റോഷ്നി റഷീദ്കുട്ടി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| നാദിറ | ICDS സൂപ്പർവൈസർ | 01-04-2019 | 14-06-2019 |
| | | 15-06-2019 | 18-07-2019 |

| | | | |
|---|---|---|---|
| ഫർസാന റൂബി | ICDS സൂപ്പർവൈസർ | | |
| അരുണിമ | ICDS സൂപ്പർവൈസർ | 19-07-2019 | 23-12-2019 |
| ഗിരിജ | ICDS സൂപ്പർവൈസർ | 24-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Suresh.P (Audit Officer, On 26-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Suresh.P (Audit Officer, On 26-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Suresh.P (Audit Officer, On 26-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം 2019-20 (ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Suresh.P (Audit Officer, On 26-06-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Suresh.P (Audit Officer, On 26-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Suresh.P (Audit Officer, On 26-06-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 24-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-11 |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-12 |
| 13 | കെട്ടിടങ്ങളുടെ വിനിയോഗ തരം സംബന്ധിച്ച്.<br>Written By: Idrees Abdulla A.C. (Auditor, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-13 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-14 |
| 15 | ലാപ് ടോപ്പ് വിതരണം - അപാകതകൾ<br>Written By: Suresh.P (Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-15 |
| 16 | അഗതി രഹിത കേരളം പദ്ധതി നടപ്പായില്ല<br>Written By: Suresh.P (Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-16 |
| 17 | പ്രൊക്യുർമെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-17 |

| | | |
|---|---|---|
| | Written By: Suresh.P (Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | |
| 18 | വാർദ്ധക്യകാല പെൻഷനുകൾ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്<br>Written By: Suresh.P (Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-18 |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Rishil.P (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-19 |
| 20 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-20 |
| 21 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-21 |
| 22 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-22 |
| 23 | മങ്കലോട്ടച്ചിറ -കോക്രാംകുന്ന് റോഡ് പ്രൊട്ടക്ഷൻ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 7081 രൂപ തിരിച്ചടവാക്കി.<br>Written By: Rishil.P (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-23 |
| 24 | മൂന്നാടി - കുട്ട്യാളത്താണി റോഡ് പ്രൊട്ടകഷൻ - അപാകത - നഷ്ടം 2719 രൂപ തിരിച്ചടവാക്കി<br>Written By: Rishil.P (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-24 |
| 25 | പുത്തനത്താണി ബസ്സ്റ്റാന്റ് കെട്ടിടം പുനരുദ്ധാരണം - ചെലവ് 1,85,510 രൂപ – കെട്ടിടം ഉപയോഗപ്പെടുത്തിയിട്ടില്ല.<br>Written By: Rishil.P (Asst. Audit Officer, On 25-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-25 |
| 26 | തിരുനാവായ കുടിവെള്ള പദ്ധതി - തുക ഡെപ്പോസിറ്റ് ചെയ്തത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-26 |
| 27 | മുഴുവൻ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ ആരംഭിക്കാത്തതും, അടിസ്ഥാന സൗര്യ വികസനത്തിന് ചെലവ് ചെയ്ത തുക പാഴായതും, മറ്റ് അപാകതകളും<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-27 |
| 28 | DA കുടിശ്ശിക അനുവദിച്ചത് - Due Drawn Balance സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല - 29818 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-28 |
| 29 | വെള്ളക്കരം അടവ് - ഒടുക്കിയ പിഴ തിരികെ ഈടാക്കേണ്ടതാണ്. | 1-29 |

| | | |
|---|---|---|
| | Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | |
| 30 | മുഖ്യമന്ത്രിയടെു ദുരിതാശ്വാസ നിധിയിലേക്ക് തുക അടവാക്കിയത് - ചലാൻ/അടവ് വിവരം ഹാജരാക്കിയിട്ടില്ല - 71000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-30 |
| 31 | പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ തുക ഡെപ്പോസിറ്റ് ചെയ്തത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല - പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല – ചെലവ് തുക 58454 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-31 |
| 32 | സാക്ഷരത, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഫണ്ട് - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെവ് തുക 50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-32 |
| 33 | തുടർ സാക്ഷരതാ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെവ് തുക 44,530 രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-33 |
| 34 | യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തത് - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെവ് തുക 47,430 രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-34 |
| 35 | SSA വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതും മറ്റ് അപാകതകളും<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-35 |
| 36 | വീട് വാസയോഗ്യമാക്കൽ (എസ്.സി) - ധനസഹായം നൽകിയത് - അർഹത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല - 60,000രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-36 |
| 37 | വീട് വാസയോഗ്യമാക്കൽ - ധനസഹായം നൽകിയത് - അർഹത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 32,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-37 |
| 38 | വി.ഇ.ഒ പദ്ധതി നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാത്തതും - രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും<br>Written By: M Dinesan (Audit Officer, On 26-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 1-38 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-06-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Suresh.P (Audit Officer, On 28-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Suresh.P (Audit Officer, On 23-06-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Suresh.P (Audit Officer, On 23-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Suresh.P (Audit Officer, On 23-06-2021)<br>Last Updated By: Anil Mathew Iype (Deputy Director, On 30-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ ബജറ്റ് തീരുമാന നം./ തിയ്യതി |
|---|---|
| 1(1) തിയ്യതി 26/02/2019 | 06/ 10.02.2020 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 22.05.2020 |

## 1-3 സാമ്പത്തിക വിശകലനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,65,40,411 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,71,21,175 |
| ആകെ | 10,36,61,586 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,84,15,010 |
| നീക്കിയിരിപ്പ് | 4,52,46,576 |

## 1-4 ഫണ്ട് വിനിയോഗം 2019-20 (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 B പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,59,58,471 | 1,59,58,471 | 1,22,68,133 | 36,90,338 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 40,48,000 | 40,48,000 | 16,35,115 | 24,12,885 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,19,03,000 | 1,19,03,000 | 57,65,879 | 61,37,121 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 49,19,000 | 49,19,000 | 31,59,304 | 17,59,696 |
| സെൻട്രൽഫിനാൻസ് കമ്മീഷൻഗ്രാന്റ് | 0 | 62,25,068 | 62,25,068 | 91,91,026 | -29,65,958 |
| എസ്.ബി.ടി റിലീഫ് ഫണ്ട് | 4,612 | 8 | 4,620 | 3,432 | 1,188 |
| എം.ജി.എം.ആർ.ഇ.ജി.എസ് (അഡ്മിമിനിസ്ട്രേറ്റീവ് ചെലവ്) | 467722 | 970882 | 1438604 | 1243409 | 195195 |
| എം.ജി.എം.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 10835566 | 10835566 | 10835566 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക് പഞ്ചായത്ത്) | 8,74,207 | 2,50,000 | 11,24,207 | 2,50,000 | 8,74,207 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 22,964 | 3,99,961 | 4,22,925 | 3,99,961 | 22,964 |
| സാക്ഷരത | 14,752 | 0 | 14752 | 649 | 14,103 |
| ടോട്ടൽ സാനിറ്റേഷൻ | 15,23,502 | 0 | 15,23,502 | 33,860 | 14,89,642 |
| എസ്.എസ്.എ | 3,07,295 | 12,075 | 319370 | 0 | 319370 |
| എസ്.ബി.ടി ഇ-പേമെന്റ് | 6,33,825 | 1464303 | 2,098,128 | 0 | 2,098,128 |
| ട്രഷറി ടി.എസ്.ബി | 2,07,67,413 | 5683550 | 26,450,963 | 0 | 26,450,963 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 252 | 93335724 | 146 | 44046002 | 0 | 106 | 58 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 467722 | 970882 | 1438604 | 1243409 | 195195 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10835566 | 10835566 | 10835566 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

A) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11760 | 8 |
| കർഷകതൊഴിലാളി വേതനം | 404400 | 65 |
| വിധവാപെൻഷൻ | 7471800 | 580 |
| വാർദ്ധക്യകാലപെൻഷൻ | 11742300 | 2185 |
| വികലാംഗപെൻഷൻ | 2697600 | 481 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 94200 | 21 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ

നീക്കിയിരിപ്പൊന്നും ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
2. 86/2010/ഫിൻ തി. 24.09.2010 സർക്കുലറിൽ നിർദ്ദേശിക്കും വിധം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.
3. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോർ, ഓഫീസ് ഫർണ്ണിച്ചറുകൾ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമാവുന്നില്ല.
4. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ മിക്ക നിർവഹണോദ്യോഗസ്ഥരും ആയത് പാലിക്കുന്നില്ല.

5. വിരമിക്കുകയോ സ്ഥലം മാറിപ്പോവുകയോ ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ ഇൻക്യൂബൻസി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണം.
6. ലൈസൻസ് അപേക്ഷകളോടൊപ്പം മുഴുവൻ രേഖകളും ലഭ്യമാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതും നികുതി പിരിവ് ഉദ്യോഗസ്ഥരുടെ ഔട്ട്ഡോർ കളക്ഷൻ വിവരങ്ങൾ മേൽ പരിശോധന നടത്തുന്നതിലെ വീഴ്ച പരിഹരിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.04.2021 മുതൽ 29.04.2021 വരെ | 12/2020 മുതൽ 03/2021 വരെ | 29.04.2021 |
| എ.ജി ഓഡിറ്റ് | 18.10.2019 | 2014-15 മുതൽ 2018-19 | 03.12.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ , ധനസഹായ റിപ്പോർട്ടുകൾ , മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല,

2 ലഭ്യമാക്കിയ സഞ്ചയ രശീറ്റ് പ്രകാരമുള്ള വസ്തുനികുതി ഡിമാന്റും വരവും ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | സഞ്ചയ രശീതി പ്രകാരം | | AFS പ്രകാരം | | വ്യത്യാസം | |
|---|---|---|---|---|---|---|
| | ഡിമാന്റ് | വരവ് | ഡിമാന്റ് | വരവ് | ഡിമാന്റ് | വരവ് |
| Residential Building | 2751282 | 2411661 | 2743707 | 2401838 | 7575 | 9823 |
| Non Residential Building | 5890782 | 5014899 | 5913619 | 5008922 | 22837 | 5977 |

3. 1.4(B) ഷെഡ്യൂളിൽ ഉൾപ്പെട്ട Licence Fee For Dangenous And Offensive Traders എന്ന ഹെഡിൽ AFS പ്രകാരം ഡിമാന്റ് 352450 രൂപയും രജിസ്റ്റർ പ്രകാരം 397040 രൂപയും കാണുന്നു. വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.

5. ആസ്തികളുടെ തേയ്മാനം സംബന്ധിച്ച രേഖകളില്ല:- വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതായും കാണുന്നില്ല.

6. ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ , രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ മറ്റ് മിസലേനിയസ് വരവുകളിൽ ഒന്നിലും തന്നെ രജിസ്ററുകൾ തയ്യാറാക്കുകയോ, രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. 2018-19 ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് തുക 1,24,207/- രൂപയും ജില്ലാ പഞ്ചായത്ത് നീക്കിയിരിപ്പ് തുക 22,964/- രൂപയുമാണ്. ഇതേ തുക തന്നെയാണ് 2019-20 വർഷത്തിലും നീക്കിയിരിപ്പായി ധനകാര്യപത്രികയിൽ കാണിച്ചിട്ടുള്ളത്. ഇത് ഏതൊക്കെ പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ നീക്കിയിരിപ്പാണെന്ന് വിശദീകരിക്കേണ്ടതാണ്.

9. MNREGS മുന്നിരിപ്പ് , നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് | ബാങ്ക് ബുക്ക് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 467772 | 467604 | 168 |
| നീക്കിയിരിപ്പ് | 195195 | 227616 | 32421 |

10. സ്റ്റോക്ക്/സ്റ്റോർ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയോ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

11. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എ.സി.ആർ പ്രകാരം 6225068 രൂപയാണ് അലോട്ട്മെന്റ്. എന്നാൽ എ.എഫ്.എസ് പ്രകാരം 9191026

രൂപയാണ് വരവായും ചെലവായും കാണിച്ചിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ

A) 2019-20 വർഷത്തെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ , പെർമിറ്റ് ഫീ ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

| അപേക്ഷ നമ്പർ | അപേക്ഷകന്റെ പേര് | ഈടാക്കേണ്ട തുക |
|---|---|---|
| A2-3135/19<br>21.05.2019 | ബീരാൻക്കുട്ടി പുള്ളിശ്ശേരി | 881 രൂപ |
| A2-6274/19<br>30.09.2019 | മുഹമ്മദ് സഫ്വാൻ വയ്യാട്ട് | 618 രൂപ |

B) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നം.12900/ആർ.എ 1/2015 തീയതി.02.12.2015 ലെ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. എന്നാൽ പല അപേക്ഷകളിലും; രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ ഫ്ലോർ ഏരിയ, എഫ്.എ.ആർ, പെർമിറ്റ് അടവാക്കിയതിന്റെ വിവരം എന്നിവ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ.05/22.06.2021)ക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കിയതായി മറുപടി നൽകിയിട്ടുണ്ട്.

## 1-13 കെട്ടിടങ്ങളുടെ വിനിയോഗ തരം സംബന്ധിച്ച്.

2019-20 സാമ്പത്തിക വർഷത്തിലെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ബീരാൻ ആയപ്പള്ളി എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള 20ാം വാർഡിലെ 198 A13, 198 A14, 198 A15, 198 A16, 198 A17, 198 A18, 198 A19, 198 A20, 198 A21, 198 A22 നമ്പർ കെട്ടിട മുറികളുടെ ഉപയോഗ ക്രമം ആശുപത്രികൾ എന്നുള്ളതാണ്. എന്നാൽ A2-1822/16 Dt. 01.03.2016 നമ്പർ അപേക്ഷ പ്രകാരം വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനാണ് അപേക്ഷ സർപ്പിച്ചിട്ടുള്ളത്. അപേക്ഷ പ്രകാരം കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് ഓവർസിയർ നടത്തിയ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പൂർത്തീകരിച്ചതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് .

14.01.2011 ലെ സ.ഉ (അ)നം. 19/2011/ത.സ്വ.ഭ.വ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ച.മീറ്ററിന് 30 രൂപ മുതൽ 60 രൂപ വരെയാണ് നിരക്ക്. എന്നാൽ ആശുപത്രി കെട്ടിടങ്ങൾക്ക് ഇത് 3 രൂപ മുതൽ 8 രൂപ വരെയാണ്. ആയതിനാൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ആശുപത്രി കെട്ടിടത്തിന്റെ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുക വഴി പഞ്ചായത്തിന്റെ വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ. 06/22.06.2021) ക്ക് പ്രസ്തുത കെട്ടിടം അപേക്ഷ നൽകി വിനിയോഗ തരം മാറ്റിയിട്ടുണ്ട് എന്ന് വാക്കാൽ മറുപടി നൽകിയെങ്കിലും ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, കാർത്തല | II |
| 2 | പോസ്റ്റ് ഓഫീസ്, കുറുമ്പത്തൂർ | I |
| 3 | മർക്കസ് ട്രെയിനിംഗ് കോളേജ് | I&II |
| 4 | ബി.എസ്.എൻ.എൽ | I&II |
| 5 | മെട്രോ ചിൽഡ്രൻസ് ഹോസ്പിറ്റൽ | I&II |
| 6 | തെയ്യമ്പാട്ടിൽ ജ്വല്ലറി | II |
| 7 | നോബിൾ ഡെന്റൽ ക്ലിനിക് | II |
| 8 | തൗഫീക് ഹോമിയോ ക്ലിനിക് | I&II |
| 9 | ഗ്ലോബൽ ഹൈടെക്ക് ലബോറട്ടറി | I&II |
| | | |

| | | |
|---|---|---|
| 10 | സ്റ്റൈലോ ഫർണീച്ചർ | I&II |
| 11 | ഡെന്റൽ ക്ലിനിക്,പുത്തനത്താണി | II |

2)ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ്.ബി.ഐ, പുത്തനത്താണി | I&II |
| 2 | ആതവനാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | I |
| 3 | തിരൂർ അർബൻ കോപറേറ്റീവ് ബാങ്ക് ലിമിറ്റഡ്,വെട്ടിച്ചിറ | I |
| 4 | ഗ്രീൻസ് പോളിക്ലിനിക് | I&II |
| 5 | ഗ്രീൻസ് ലബോറട്ടറി | I&II |
| 6 | ഗ്ലോബൽ ഹൈടെക്ക് ലബോറട്ടറി | I&II |
| 7 | ഗ്രീൻസ് ഡെന്റൽ ക്ലിനിക് | I&II |
| 8 | ആയുർഗാർഡൻ ഇന്റർനാഷണൽ ഹോസ്പിറ്റൽ | I&II |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 16/26-06-21) ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ലാപ് ടോപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | 1,50,000/- (SCP) |
| ചെലവ് തുക | 1,36,602/- |
| ബിൽ നമ്പർ, തിയതി | 07/23.10.19, 14/24.12.19 |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക്, സർക്കാർ, എയ്ഡഡ്, സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ലാപ് ടോപ്പ് നൽകുകയാണ് ലക്ഷ്യം.

ആയതുപ്രകാരം കെൽട്രോണിൽ നിന്നും ഒരു ലാപ് ടോപ്പിന് 22767-രൂപ പ്രകാരം 06 ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

14.02.2018ലെ സ.ഉ(കൈ)22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് എക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ്, സ്വാശ്രയസ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 30,000/-രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്ത Diploma In Data Entry Techniques And Office Automation എന്ന കോഴ്സ് പഠിക്കുന്ന ശാലിനി, ആനപടിക്കൽ പറമ്പിൽ വീട്, മേൽപ്പത്തൂർ, കുറുമ്പത്തൂർ എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്.

നല്കിയ അന്വേഷണത്തിന് (07/ 22.06.2021) ലഭിച്ച മറുപടിയിൽ ഡിപ്ലോമ കോഴ്സാണ് എന്ന് കാണിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ശാലിനി എന്ന വിദ്യാർത്ഥിനിക്ക് സഹായം അനുവദിച്ചിട്ടുള്ളത് എന്ന് അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ പോളിടെക്നിക് ഡിപ്ലോമ എന്നാണ് വിവക്ഷിച്ചത് എന്നതിനാൽ ടിയാന് ആനുകൂല്യം നല്കിയത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ആയതിനാൽ അപാകതക്ക് കാരണം അറിയിക്കുന്നത് വരെ തുക തടസ്സം ചെയ്യുന്നു.

## 1-16 അഗതി രഹിത കേരളം പദ്ധതി നടപ്പായില്ല

ഗ്രാമപഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് വസ്തു വാങ്ങുന്നതിനും ഭവനനിർമ്മാണത്തിന് ധനസഹായം നല്കുന്നതിനും ഭവന പുനരുദ്ധാരണത്തിനുമായാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതിയിൽ (109/20) വികസനഫണ്ട് അഞ്ച് ലക്ഷം രൂപയും തനത് ഫണ്ട് അഞ്ച് ലക്ഷം രൂപയും വകയിരുത്തിയ അടങ്കലിൽ മേൽ തുക പദ്ധതിക്കുവേണ്ടിയുള്ള അക്കൗണ്ടിലേക്ക് (46121000 7984, Canara Bank, Puthanathani) ട്രാൻഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. (Bill No. 04/19.09.19: 5 Lacks, Cheque No. 1642436/24.02.2020: 5 Lacks). എന്നാൽ നാളിതുവരെയും പദ്ധതി നടപ്പാക്കിയിട്ടില്ല. ടി തുക ഇപ്പോഴും മേൽ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

സ.ഉ(എംഎസ്) നം 252/2017/തസ്വഭവ തി. 12.12.2017 പ്രകാരം മാർഗരേഖയിൽ സമൂഹത്തിലെ അവശജനതയുടെ പുരോഗതി ലക്ഷ്യമിട്ടാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് സഹായം നല്കുകയാണ് ലക്ഷ്യം. എന്നാൽ നാളിതുവരെ പദ്ധതി പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് 19 രൂക്ഷമാവുകയും ലോക്ക്ഡൗൺ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഭവനപുനരുദ്ധാരണത്തിന് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് തുടർപ്രവർത്തനം നടത്തുന്നതിന് കഴിയാതെവന്നത് എന്ന് വ്യക്തമാക്കിയിട്ടുള്ളത്. തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-17 പ്രൊക്യുർമെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി) 259/2010/ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. സ്ഥാപനത്തിൽ ഇതിനായി ഒരു ടെക്നിക്കൽ ടീം, പ്രൊക്യുർമെന്റ് ടീം, പ്രൊക്യുർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രാഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യുർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യുർമെന്റ് ടീം ആണ്. ഇവർ സമർപ്പിക്കുന്ന പർച്ചേസ് പ്രൊപ്പോസലുകൾ സ്കൂട്ടിനൈസ് ചെയ്യേണ്ടതും, ഇവയ്ക്ക് അംഗീകാരം നൽകേണ്ടതും പ്രൊക്യുർമെന്റ് കമ്മിറ്റിയാണ്. സാധന സേവന പ്രൊക്യുർമെന്റ് നടത്തുമ്പോൾ പൊതുപണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും, സുതാര്യത നിലനിർത്തി നല്ല പ്രവർത്തനം തദ്ദേശസ്ഥാപനം കാഴ്ച വെയ്ക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് പൊതുജനങ്ങൾ ഉൾപ്പെടുന്ന സോഷ്യൽ ഓഡിറ്റ് കമ്മിറ്റി വിഭാവനം ചെയ്യണം. ഗുണഭോക്താക്കളിൽ സേവനങ്ങളെ കുറിച്ച് ഉദ്ബോധനം നടത്തേണ്ടതും, പ്രൊക്യുർമെന്റ് നടപടികളിൽ സുതാര്യത പാലിച്ചുവെന്നും, ഗുണനിലവാരം, കാര്യക്ഷമത എന്നിവ വാങ്ങലിൽ പാലിച്ചുവെന്ന് ഉറപ്പാക്കേണ്ടതും ഈ കമ്മിറ്റിയാണ്. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയംഗങ്ങൾ ആവശ്യകത തിരിച്ചറിയുന്നതിനും, മുൻഗണന നിശ്ചയിക്കുന്നതിലും പങ്കാളിയാവണം. പ്രൊക്യുർമെന്റ്, ടെണ്ടർ ഓപ്പനിംഗ്, വിലയിരുത്തൽ എന്നിവ മോണിറ്റർ ചെയ്യേണ്ടതും ഈ കമ്മിറ്റിയാണ്. സാമ്പത്തിക വർഷാവസാനം സോഷ്യൽ ഓഡിറ്റ് കമ്മിറ്റി സമാഹൃത റിപ്പോർട്ട് ഗ്രാമസഭയിൽ വയ്ക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥർ സംശയദൂരീകരണം വരുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ ഈ പ്രൊക്യുർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമല്ല എന്നതാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്.

മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഒരു പ്രൊക്യുർമെന്റ് സൈക്കിളിലെ ആദ്യ ഘടകം ആവശ്യം തിരിച്ചറിയലും, സ്പെസിഫിക്കേഷൻ ഉണ്ടാക്കലുമാണ്. ഒരേയിനം സാധനസാമഗ്രികൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന സംഗതിയിൽ തദ്ദേശസ്ഥാപനത്തിന്റെ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വവൽ ഖണ്ഡിക 7.33.Ii(C) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വേറെ വേറെ ടെണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി ഒറ്റ വാങ്ങൽ നടപടി നടത്തിയാൽ മതി. എന്നാൽ 2019-20 കാലയളവിൽ പഞ്ചായത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയാനുള്ള ശ്രമം നടന്നിട്ടില്ല എന്ന് കാണുന്നു. ഉദാഹരണമായി പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ വിവിധ സാമഗ്രികളുടെ വാങ്ങൽ പ്രോജക്ടുകൾ (253/20, 254/20), വെറ്റിനറി സർജൻ നടപ്പാക്കിയ മൃഗാശുപത്രികൾക്കും സബ് സെന്ററുകൾക്കും ഫർണിച്ചർ വാങ്ങൽ (121/20) തുടങ്ങിയവ.

പ്രൊക്യൂർമെന്റ് കമ്മിറ്റി ഓരോ നിർവ്വഹണോദ്യോഗസ്ഥരെ വാങ്ങലുകൾ നടത്താനായി ചുമതലപ്പെടുത്തുന്നതിനു പകരം മറ്റു പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം നടന്നിട്ടില്ല. ടെക്നിക്കൽ ടീം, പ്രൊക്യൂർമെന്റ് ടീം, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം ഉറപ്പാക്കി വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വാർദ്ധക്യകാല പെൻഷനുകൾ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വാർദ്ധക്യ കാല പെൻഷൻ അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ 2021 ഫെബ്രുവരി മാസം മുതലുള്ള വാർദ്ധക്യ കാല പെൻഷനുള്ള അപേക്ഷകളിൽ നാളിതുവരെ തീരുമാനം എടുത്തിട്ടില്ല. വാർദ്ധക്യകാല പെൻഷന് 02/2021 ൽ ലഭിച്ച 07 അപേക്ഷകൾ 01.03.2021 നും 03/2021 ലെ 46 അപേക്ഷകൾ 10.03.21, 16.03.21, 22.03.21, 23.03.21 എന്നീ തിയതികളിലും 04.2021 ലെ 25 അപേക്ഷകൾ 13.04.21, 22.04.21 എന്നീ തിയതികളിലും അന്വേഷണ ഉദ്യോഗസ്ഥനായ വി. ഇ. ഒ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയോ പെൻഷൻ അനുവദിക്കുകയോ ചെയ്തിട്ടില്ല. വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ 40 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തിയതായും കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് അന്വേഷണോദ്യോഗസ്ഥനായ വി.ഇ.ഒ നല്കിയ മറുപടിയിൽ ഇലക്ഷൻ സംബന്ധമായും കൊറോണകാലമായതിനാലുമാണ് ഫീൽഡ്തല പരിശോധനക്ക് സാധ്യമാകാഞ്ഞതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-19 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 154 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 75 പ്രൊജക്ടുകളിലായി ആകെ 18063997 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 154 | ആകെ അടങ്കൽ | 42973674 |
| നടപ്പിലാക്കിയത് | 75 | ചെലവ് | 18063997 |
| ശതമാനം | 48.70 | ചെലവ് ശതമാനം | 42% |

മേൽ പദ്ധതികളിൽ 41 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 7 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല. ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

LI)പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് - കാര്യക്ഷമമല്ല

തൻ വർഷം നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശ ചെയ്യുകയും പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 29.11.2018 ന് യോഗം ചേർന്നെങ്കിലും യാതൊരു നിർദേശങ്ങളും വച്ചതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തലുകൾ കാണുന്നില്ല. 20.1.20, 12.2.20എന്നീ തിയതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും 20.1.20 ന് മാത്രം എതാനും നിർദേശങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നു. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തമില്ലാതെ പ്രൊജക്ടുകൾ തയ്യാറാക്കിയത് എങ്ങനെയെന്നും, പ്രൊജക്ടുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്ത് എന്നും ഓഡിറ്റിന് വ്യക്തമല്ല.

III.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്റ്റിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്റ്റിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

IV)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15/24.6.21) വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത് കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 12 /24.6.21 ) SBI വളാഞ്ചേരി ശാഖയിൽ അസി. എഞ്ചിനീയറുടെ പേരിൽ നിലവിൽ അക്കൗണ്ട് ഉണ്ടെങ്കിലും മതിയായ ബാലൻസ് ഇല്ലാത്തതിനാൽ പിഴ തുക നിലനിൽക്കുന്നെണ്ടെന്നും ആയത് ഒഴിവാക്കി തരുന്നതിന് ബാങ്കിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് പെട്ടന്ന് നടപടി സ്വീകരിച്ചുകൊള്ളാമെന്നും മറുപടി ലഭ്യമാക്കി. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി ഈടാക്കിയതിന്റെ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്..

## 1-21 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. തൻവർഷത്തിൽ 1,80,639 രൂപ കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 13 /24.6.21) പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് തുടർ വർഷങ്ങളിൽ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി. ഓഡിറ്റ് നിർദേശം പാലിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

7. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8. പ്രവൃത്തിയുടെ വിശദാംശങ്ങൾ കാണിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട്, സാങ്കേതിക അനുമതി റിപ്പോർട്ട് എന്നിവ ഫയലിനോടൊപ്പം വച്ചിട്ടില്ല.

9. സൈറ്റ് പ്ലാൻ ,സെലക്ഷൻ നോട്ടീസ്, വർക്ക് ഓർഡർ, സൈറ്റ് ഹാൻഡ് ഓവർ ഫോം എന്നിവ ഫയലിനോടൊപ്പം വച്ചിട്ടില്ല.

10. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലത്ത് വക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 14/24.6.21) ജീവനക്കാരുടെ കുറവും പദ്ധതികളുടെ ആധിക്യവും കാരണമാണ് അപാകതകൾ സംഭവിക്കാൻ ഇടയായതെന്നും അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 മങ്കലോട്ടുച്ചിറ -കോക്രാംകുന്ന് റോഡ് പ്രൊട്ടക്ഷൻ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 7081 രൂപ തിരിച്ചടവാക്കി.

ഗ്രാമ പഞ്ചായത്തിലെ 13 -ാം വാർഡിലെ മങ്കലോട്ടുച്ചിറ – കോക്രാംകുന്ന് റോഡിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ 3-ാം ഇനം ആയി DR കെട്ടിയതിന് മുകളിൽ Top Belt ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്ക് ലിന്റൽ, ബീം, പ്ലിന്ത് ബീം തുടങ്ങിയ ഇനങ്ങൾക്ക് ബാധകമായ DAR 5.9.5 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് DAR 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദനീയമായത്. 30 Cm ആഴത്തിൽ കുഴിയെടുത്ത് DR കെട്ടി അതിന് മുകളിൽ (Above Basement) 50cm ഉയരത്തിൽ DRകെട്ടിയാണ് സംരക്ഷണ ഭിത്തി ഉണ്ടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക @470.63/$M^2$ | നൽകാവുന്ന തുക @266.20/$M^2$ | അധികം |
|---|---|---|---|---|
| മങ്കലോട്ടുച്ചിറ -കോക്രാംകുന്ന് റോഡ് പ്രൊട്ടക്ഷൻ പ്രോജക്റ്റ് - (213/20) | 34.64$m^2$ | 16302.62 | 9221.16 | 7081 |

| | | | | |
|---|---|---|---|---|
| ഫണ്ട് - MG (R)<br>ബിൽ 213/28.3.20<br>തുക 345285<br>M Book – 3/19-20<br>കരാർ-63/15.10.19 (Estimate Rate)<br>കരാറുകാരൻ ശ്രീ.മരക്കാർ<br>Cost Index- 37.25%<br>TS-350000 | | | | |

തൻ വർഷത്തിൽ ചെയ്ത മറ്റ് പ്രവൃത്തികളിൽ DR കെട്ടിയതിന് മുകളിൽ Top Belt ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്ക് DAR 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഉദ:- ചങ്ങംതൊടി റോഡ് പുനരുദ്ധാരണം (220/20)

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 7081രൂപ.

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (

AUDIT ENQUIRY No. 10 /24.6.21) മറുപടിയായി 7081 രൂപ KL0003694955202122M/25.6.21 നമ്പർ ചെലാൻ പ്രകാരം വളാഞ്ചേരി സബ് ട്രഷറിയിൽ അടവാക്കി ബോധിപ്പിച്ചു.

## 1-24 മൂന്നാടി - കുട്ട്യാളത്താണി റോഡ് പ്രൊട്ടക്ഷൻ - അപാകത - നഷ്ടം 2719 രൂപ തിരിച്ചടവാക്കി

പ്രൊജക്ട് നം : 226/20

അടങ്കൽ : 49000

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

ചെലവ് : 45310

ബിൽ നമ്പർ - 181/27.8.10 ( 45310 )

കരാർ നം : AE/LSGD/ATVD/86/17-18 തീയ്യതി.31.3.18

എംബുക്ക് നം: 64/18-19

DSOR : 2016 Coi.37.25%

കൺവീനർ : സുരേഷ് ബാബു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

സർക്കുലർ നമ്പർ DB3-9058/17/CE/LSGD തി. 16.3.18 പ്രകാരം ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 1.7.2017 മുതൽ വാറ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ബില്ലിൽ നിന്നും 5% കുറവ് ചെയ്യണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പട്ട പ്രവൃത്തികളുടെ യൂണിറ്റ് നിരക്കുകളിൽ ഓരോന്നിലും വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം, ആദായ നികുതി എന്നിവ അടക്കുന്നതിനുവേണ്ടി 7.5 % ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ആദായ നികുതി നിയമം വകുപ്പ് 194 C പ്രകാരം ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ നിന്നും ആദായ നികുതി 2% കുറവ് വരുത്തേണ്ടതുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള കുറവുകൾ

വരുത്താതെയാണ് മേൽ പ്രവൃത്തിയിൽ കൺവീനർക്ക് പേമെന്റ് അനുവദിച്ചത്. ആയതിനാൽ താഴെ പറയും പ്രകാരം തുക കൺവീനർക്ക് അധികം നൽകി.

| | കൺവീനർക്ക് അനുവദിക്കാവുന്ന തുക | കൺവീനർക്ക് അനുവദിച്ച തുക |
|---|---|---|
| മൂല്യ നിർണ്ണയം | 45310 | 45310 |
| (-) VAT (5%) | 2266 | - |
| (-) IT (2%) | 906 | 453 |
| (-) Kcwwf (1%) | 453 | 453 |
| | 41685 | 44404 |

കൺവീനർക്ക് അധികം അനുവദിച്ചത് - 2719 (44404-41685) രൂപ

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 /24.6.21) മറുപടിയായി 2719 രൂപ KL003694246202122M/25.6.21 നമ്പർ ചെലാൻ പ്രകാരം വളാഞ്ചേരി സബ് ട്രഷറിയിൽ തിരിച്ചടച്ച് ബോധിപ്പിച്ചു

## 1-25 പുത്തനത്താണി ബസ്സ്റ്റാന്റ് കെട്ടിടം പുനരുദ്ധാരണം - ചെലവ് 1,85,510 രൂപ – കെട്ടിടം ഉപയോഗപ്പെടുത്തിയിട്ടില്ല.

പ്രൊജക്റ്റ് നം : 224/20

അടങ്കൽ : 2,00,0000

ഫണ്ട് : തനത് ഫണ്ട്

ചെലവ് : 185510

ചെക്ക് നമ്പർ - 6848853/21.3.20 ( 185510 )

കരാർ നം : AE/LSGD/ATVD79/18-19 തീയ്യതി.16.1.19

എംബുക്ക് നം: 2/19-20

DSOR : 2016 Coi.37.25%

കരാറുകാരൻ : ജയശങ്കർ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ പുത്തനത്താണി ബസ്സ്റ്റാന്റ് കെട്ടിടം പുനരുദ്ധാരണം എന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. 2,00,000 രൂപ അടങ്കൽ വച്ച ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിൽ പില്ലർ കെട്ടി മുകൾ നില ശൗചാലയമായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ താഴെ ഭാഗം 2 മുറികൾ ഉണ്ടാക്കുകയും ഫ്ലോറിംഗ്, റോളിംഗ് ഷട്ടർ എന്നിവ വക്കുകയുമാണ്. തനത് ഫണ്ട് ഉപയോഗിച്ച് 1,85,510 രൂപ മൂല്യനിർണ്ണയത്തിൽ 5.11.2019 ന് പണിപൂർത്തിയായ ഈ കെട്ടിടം നാളിതുവരെ ഉപയോഗപ്പെടുത്താനോ വാടകക്ക് നൽകാനോ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പ്രവൃത്തി പൂർത്തിയായി 2 വർഷം ആവാറായിട്ടും കെട്ടിടം ഉപയോഗപ്പെടുത്താതെ കിടക്കുന്നു. നിലവിൽ ബസ്സ്റ്റാന്റിന് ചുറ്റുമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ റൂമുകൾ ആരും ഏറ്റെടുക്കാതെ ഒഴിഞ്ഞു കിടക്കുകയാണ്. ബസ്സ്റ്റാന്റ് ആണെങ്കിലും മിക്ക ബസ്സുകളും ഇതിൽ കയറുന്നില്ല. ഇത്തരം ഒരു സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റേതായ ഈ കെട്ടിടത്തിൽ പ്രവൃത്തി നടത്തിയന്റെ കാരണം വ്യക്തമല്ല. പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത് ആവശ്യങ്ങൾക്ക് വേണ്ടിയാണ്. അത് ഒന്നുകിൽ പൊതു ജനങ്ങൾക്ക് ഉപകാരപ്രദമാകണം അല്ലെങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യത്തിനായിരിക്കണം. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പുസ്തകത്തിൽ ഈ കെട്ടിടത്തിന്റെ പുനരുദ്ധാരണം സംബന്ധിച്ച നിർദേശങ്ങൾ വന്നിട്ടില്ല. കെട്ടിടം ഇതുവരെ

ഉപയോഗിക്കാത്തതിന്റെ സാഹചര്യവും വ്യക്തമല്ല കൂടാതെ ഈ പദ്ധതിയുടെ ആവശ്യകതയും പ്രോജക്റ്റ് പ്രകാരം വ്യക്തമാക്കിയിട്ടില്ല. മേൽ അപാകത പരാമർശിച്ചും കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ മറ്റ് തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17 /24.6.21) കെട്ടിടം കുടുംബശ്രീയുടെയോ ഭിന്നശേഷിക്കാർ നിർമ്മിക്കുന്നതോ ആയ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനോ അല്ലെങ്കിൽ സ്വകാര്യ വ്യക്തികൾക്ക് വാടകക്ക് നൽകുന്നതിനോ ആലോചിച്ചിരുന്നുവെന്നും എന്നാൽ നിലവിൽ കെട്ടിടം പുത്തനത്താണി കംഫർട്ട് സ്റ്റേഷൻ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ശുചിമുറിയോട് ചേർന്ന് ഒരുക്കേണ്ട റിഫ്രഷ്മെന്റ് കേന്ദ്രമായി മാറ്റുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും മറുപടി നൽകി. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഈ പദ്ധതിയുടെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതും കെട്ടിടം നിഷ്ക്രിയ ആസ്തി ആയി മാറാതിരിക്കാൻ ഭരണ സമിതി തലത്തിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-26 തിരുനാവായ കുടിവെള്ള പദ്ധതി - തുക ഡെപ്പോസിറ്റ് ചെയ്തത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് - 23/20

അടങ്കൽ - 35,00,000 , ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 35,00,000രൂപ ,ബിൽ നമ്പർ 24/18.9.2019

കരാർ നം - EE/PH/EDPL-LB/11/2019/6.12.2019

നിർവ്വഹണം- സെക്രട്ടറി

വാട്ടർ അതോറിറ്റി എടപ്പാൾ പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2019/17398 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തിരുനാവായ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ ബിൽ പ്രകാരം പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് (നം.6714469l382) 35,00,000രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടിന്റെ ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 35,00,000രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.19/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-27 മുഴുവൻ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ ആരംഭിക്കാത്തതും, അടിസ്ഥാന സൗര്യ വികസനത്തിന് ചെലവ് ചെയ്ത തുക പാഴായതും, മറ്റ് അപാകതകളും

പ്രൊജക്റ്റ് - 64/20, ഗ്രാമ കേന്ദ്രം പദ്ധതി

അടങ്കൽ - പ്ലാൻ ഫണ്ട് - 135000

തനത് ഫണ്ട് - 65000

200000

ചെലവ് - 152000 രൂപ ,

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്റ്റ് പ്രകാരം, തൻവർഷം 152000/- രൂപ ചെലവഴിച്ചതിന്റെ വിശദാംശം താഴെ പറയുന്നു.

| ബിൽ/ചെക്ക് നമ്പർ | തുക (രൂപ) | ഫണ്ട് | ഉദ്ദേശ്യം |
|---|---|---|---|
| ബിൽ നമ്പർ.34/16.1.2020 | 48,000.00 | പ്ലാൻ | ഗ്രാമപഞ്ചായത്തിലെ 1,7,10,12,14,15,16,17,18 |
| ചെക്ക് നമ്പർ.017151/14.12.2019 | 24,000.00 | തനത് | വാർഡുകളിലെ ഗ്രാമ കേന്ദ്രങ്ങൾക്ക് ഒന്നിന് പ്രതിമാസം 1000/- രൂപ |

| | | | |
|---|---|---|---|
| | | | നിരക്കിൽ 8 മാസത്തെ (1.3.2019 മുതൽ 30.10.2020) വാടക നൽകിയത് (വാർഡ് 5 ലെ കേന്ദ്രം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്). |
| ബിൽ നമ്പർ.35/16.1.2020 | 80,000.00 | പ്ലാൻ | 1,5,7,10,12,14,15,16,17,18 വാർഡുകളിലെ (ആകെ 10 വാർഡുകൾ) ഗ്രാമ കേന്ദ്രങ്ങളുടെ ഫസിലിറ്റേറ്റർമാർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ 1.3.2019 മുതൽ 30.10.2020 വരെ കാലയളവിൽ (8 മാസം) ഹോണറേറിയം നൽകിയത്. |

ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല :- ഗ്രാമപഞ്ചായത്തിൽ ആകെ 22 വാർഡുകളുണ്ട്. ഇതിൽ 10 എണ്ണത്തിൽ മാത്രമാണ് ഗ്രാമ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്.

2.പ്രവർത്തനം വിലയിരുത്തിയിട്ടില്ല :- ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയതുമായി ബന്ധപ്പെട്ട ഒരു റിപ്പോർട്ടും ഫയലിൽ ഇല്ല. ആയതിനാൽ മേൽ കേന്ദ്രങ്ങൾ തൻവർഷം കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നുവോ എന്ന് വ്യക്തമല്ല.

3. വാടക നിജപ്പെടുത്തിയിട്ടില്ല :- ഗ്രാമ കേന്ദ്രങ്ങളുടെ വാടക നാളിതുവരെ LSGD എഞ്ചിനീയർ നിജപ്പെടുത്തിയിട്ടില്ല. LSGD എഞ്ചിനീയർ നിജപ്പെടുത്തി നൽകുന്നതിന് വിധേയമായി പ്രതിമാസം 1000 രൂപ അനുവദിച്ച വരുകയാണ് ചെയ്തിട്ടുള്ളത്.

4.അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ചെലവഴിച്ച തുക പാഴ് ചെലവായി :- 2016-17 ൽ പ്രൊജക്ട് നമ്പർ 146/17 പ്രകാരം 454568/- രൂപ ചെലവഴിച്ച് 22 ഗ്രാമ കേന്ദ്രങ്ങൾക്ക് വേണ്ടി താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട് (ഓഡിറ്റ് റിപ്പോർട്ട് 2016-17ഖണ്ഡിക നമ്പർ 3-9).

| സാധനം | എണ്ണം | ചെലവ് തുക |
|---|---|---|
| ഫൈബർ ചെയർ | 22 | 25996 |
| ഓഫീസ് ചെയർ | 22 | 31261 |
| സ്റ്റീൽ മേശ | 22 | 64260 |
| സ്റ്റീൽ അലമാര | 22 | 141266 |
| ഫാൻ | 22 | 53277 |
| എൽ.ഇ.ഡി.ട്യൂബ് | 22 | 7508 |
| ഡെസ്ക്ക് ടോപ് കമ്പ്യൂട്ടർ | 5 | 131000 |

പന്ത്രണ്ട് വാർഡുകളിൽ ഗ്രാമ കേന്ദ്രങ്ങൾ ആരംഭിക്കാത്തതിനാൽ പ്രസ്തുത വാർഡുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് ചെലവഴിച്ച തുക പാഴ് ചെലവായിട്ടുണ്ട്.

മേൽ ക്രമ നമ്പർ 1.2.3 അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും. ക്രമ നമ്പർ 4 ൽ പരാമർശിച്ച ഉപയോഗിക്കാതെ അവശേഷിക്കുന്ന പ്രസ്തുത ഫർണ്ണിച്ചറുകളുടെ, കമ്പ്യൂട്ടറുകളുടെ ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.01/21.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ബില്ല് പ്രകാരം ചെലവ് ചെയ്ത തുക 152000 രൂപ ,ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 DA കുടിശ്ശിക അനുവദിച്ചത് - Due Drawn Balance സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല – 29818 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

വൗച്ചർ നമ്പർ 21900505/22.11.2019 പ്രകാരം ശ്രീമതി.റോസി.സി സെക്രട്ടറിക്ക് GO(P)No.57/2019/Fin Dt.13.5.19 പ്രകാരമുള്ള DA കുടിശ്ശിക ഇനത്തിൽ 29818 രൂപ അനുവദിച്ചിട്ടുണ്ട്. വൗച്ചറിനൊപ്പം കൗണ്ടർസൈൻ ചെയ്ത ബിൽ ഫോറം മാത്രമാണ് ചേർത്തിട്ടുള്ളത്. Due Drawn Balance സ്റ്റേറ്റ്മെന്റ് ഇല്ല. ആയതിനാൽ തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 29818 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-29 വെള്ളക്കരം അടവ് - ഒടുക്കിയ പിഴ തിരികെ ഈടാക്കേണ്ടതാണ്.

വാട്ടർഅതോറിറ്റി എടപ്പാൾ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ AB2-1304/04 VOL(III) തീയ്യതി 01.6.2019 നമ്പർ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 4/2019, 6/2019 മാസങ്ങളിലെ വെള്ളക്കരം ഇനത്തിൽ വൗച്ചർ നമ്പർ 21900188/20.6.2019 പ്രകാരം 26776 രൂപ ഒടുക്കിയിട്ടുണ്ട്. 4/2019 ലെ വെള്ളക്കരം ഒടുക്കുന്നതിലെ കാലതാമസത്തിനുള്ള 526 രൂപ പിഴ ഉൾപ്പെടെയുള്ള തുകയാണ് 26776 രൂപ (13125+13125+526). സമയത്തിന് വെള്ളക്കരം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് പിഴ അടവാക്കേണ്ടി വന്നത്. ആയതിനാൽ പിഴ ഒടുക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-30 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക അടവാക്കിയത് - ചലാൻ/അടവ് വിവരം ഹാജരാക്കിയിട്ടില്ല - 71000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മെമ്പർമാരുടെ ഹോണറേറിയത്തിൽ നിന്നും 9/18 മുതൽ 4/19 വരെ കിഴിവ് ചെയ്ത തുക 71000 രൂപ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള 79901140004798 നമ്പർ STSB അക്കൗണ്ടിൽ അടവാക്കുന്നതിന് വൗച്ചർ നമ്പർ 21900092/08.5.2019 പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക അടവാക്കിയ ചലാൻ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 71000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-31 പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ തുക ഡെപ്പോസിറ്റ് ചെയ്തത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല – പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല – ചെലവ് തുക 58454 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

KSEB, പുത്തനത്താണി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 1.10.2019 ലെ DB/DW/AE/PTN/2019-20/108 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് പ്രസ്തുത ഓഫീസിൽ വൗച്ചർ നമ്പർ 21900505/22.11.2019 പ്രകാരം 58454രൂപ ഡെപ്പോസിറ്റ് ചെയതിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെപറയുന്നു.

1. ഈ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ഹാജമാക്കിയിട്ടില്ല. 2. അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തിയായതിനാൽ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് തുക അടവാക്കിയത്.

പിന്നീട് പ്രൊജക്ട് പാസാക്കി അംഗീകാരം വാങ്ങിയതിന്റെ വിവരം ലഭ്യമാക്കുകയോ, പ്രൊജക്ട് ഹാജരാക്കുകയോ ചെയ്തിട്ടില്ല..

അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 58454 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്. .

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-32 സാക്ഷരത, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഫണ്ട് - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെവ് തുക 50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രൊജക്ട് - SO.178/20

അടങ്കൽ - 50,000 , പ്ലാൻ ഫണ്ട്

13,500, തനത് ഫണ്ട്

63,500

ചെലവ് - 50,000 രൂപ ബിൽ നമ്പർ 8/30.5.2019

നിർവ്വഹണം - സെക്രട്ടറി

ഈ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രൊജക്ട് നിർവ്വഹണത്തിന് ചെലവ് ചെയ്ത തുക 50,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം പ്രസ്തുത ചെലവ് നടന്നിട്ടില്ല എന്ന അനുമാനത്തിൽ ചെലവ് തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തി തുടർ നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-33 തുടർ സാക്ഷരതാ കേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങൽ - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെവ് തുക 44,530 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രൊജക്ട് - SO.173/20

അടങ്കൽ - 50,000 , പ്ലാൻ ഫണ്ട്

ചെലവ് - 6,030 രൂപ ബിൽ നമ്പർ 9/30.5.2019

38,500 രൂപ ബിൽ നമ്പർ 13/16.7.2019

44,530

നിർവ്വഹണം - സെക്രട്ടറി

ഈ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രൊജക്ട് നിർവ്വഹണത്തിന് ചെലവ് ചെയ്ത തുക 44,530 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം പ്രസ്തുത ചെലവ് നടന്നിട്ടില്ല എന്ന അനുമാനത്തിൽ ചെലവ് തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തി തുടർ നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-34 യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തത് - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെവ് തുക 47,430 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രൊജക്ട് - SO.173/20

അടങ്കൽ - 48,000 , പ്ലാൻ ഫണ്ട്

ചെലവ് - 47,430 രൂപ ,ബിൽ നമ്പർ 14/16.7.2019

നിർവ്വഹണം - സെക്രട്ടറി

ഈ പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രൊജക്ട് നിർവ്വഹണത്തിന് ചെലവ് ചെയ്ത തുക 47,430 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം പ്രസ്തുത ചെലവ് നടന്നിട്ടില്ല എന്ന അനുമാനത്തിൽ ചെലവ് തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ/ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തി തുടർ നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-35 SSA വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതും മറ്റ് അപാകതകളും

5/20,

പ്രൊജക്ട് - 5/20

അടങ്കൽ - 15,00,000 , പ്ലാൻ ഫണ്ട്

ചെലവ് - 15,00,000രൂപ ,ബിൽ നമ്പർ 21/18.9.2019

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

2. ചെലവ് വിവരം ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി ബിൽ നമ്പർ നൽകിയിട്ടില്ല. തുക ചെലവഴിച്ചശേഷം ബില്ലിന് വൗച്ചർ നമ്പർ നൽകിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 15,00,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-36 വീട് വാസയോഗ്യമാക്കൽ (എസ്.സി) - ധനസഹായം നൽകിയത് - അർഹത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല - 60,000രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

പ്രൊജക്ട് - 233/20

അടങ്കൽ - 4,50,000, പ്ലാൻ ഫണ്ട് (എസ്.സി.പി)

നിർവ്വഹണം - വി.ഇ.ഒ

ഒരു ഗുണഭോക്താവിന് 30,000 രൂപ നിരക്കിൽ 5 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിന്, ഈ പ്രൊജക്ടു പ്രകാരം, താഴെ പറയുന്ന ബില്ലുകൾ മുഖേനെ 1,50,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ, തീയ്യതി | തുക |
|---|---|
| 3/11.11.2019 | 90,000 |
| 7/15.3.2019 | 30,000 |
| 8/15.3.2019 | 30,000 |
| ആകെ | 1,50,000 |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച അന്വേഷണത്തിന് പ്രൊജക്ട് മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥൻ മാത്രമല്ല, വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ് കമ്മിറ്റികളും കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി എന്നാണ് ഇത് വ്യക്തമാക്കുന്നത്.

2) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അവരുടെ പേരിന് നേരെ പറയുന്ന രേഖകൾ ഹാജരാക്കാതിരുന്നിട്ടും ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | ധനസഹായ അനുവദിച്ച ബിൽ , അനുവദിച്ച തുക | ഹാജരാക്കാൻ അവശേഷിക്കുന്ന രേഖകൾ |
|---|---|---|---|
| 1 | വിനോദ് നൊച്ചിത്തൊടി | 3/11.11.2019<br>30,000 | വാല്വേഷൻ സർട്ടിഫിക്കറ്റ്, ഇതേ ആവശ്യത്തിന് ധനസഹായം കൈപ്പറ്റിയില്ല എന്ന ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം. |
| 2 | അയ്യപ്പൻ നീലംകുന്നത്ത് | 3/11.11.2019<br>30,000 | വാല്വേഷൻ സർട്ടിഫിക്കറ്റ്, ഇതേ ആവശ്യത്തിന് ധനസഹായം കൈപ്പറ്റിയില്ല എന്ന് വ്യക്തമാക്കുന്ന ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം. |

അപാകത 2 ന്റെ അടിസ്ഥാനത്തിൽ മേൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് ചെലവ് തുക 60,000രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും വാല്വേഷൻ സർട്ടിഫിക്കറ്റുകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.22/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-37 വീട് വാസയോഗ്യമാക്കൽ - ധനസഹായം നൽകിയത് - അർഹത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 32,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രൊജക്ട് - 12/20

അടങ്കൽ - 19,52,000, തനത് ഫണ്ട്

ചെലവ് - 1,12.000ചെക്ക് നമ്പർ. 1642456/31.3.2020

നിർവ്വഹണം - വി.ഇ.ഒ

ഒരു ഗുണഭോക്താവിന് 16,000 രൂപ നിരക്കിൽ 7 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിക്ക് ഈ പ്രൊജക്ട് പ്രകാരം തൻവർഷം ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ.സയ്യിദ് ചെരട, ശ്രീ. ഉസ്മാൻ ഇല്ലിക്കൽ എന്നീ ഗുണഭോക്താക്കൾ നിർവ്വഹിച്ച പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായമിനത്തിൽ നൽകിയ തുക 32,000രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.24/25.6.2021, മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 വി.ഇ.ഒ പദ്ധതി നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാത്തതും - രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും

1.പ്രൊജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.

തൻവർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ആറ് വീതം പുതിയ പ്രൊജക്ടുകൾക്കും സ്പിൽ ഓവർ പ്രൊജക്ടുകൾക്കമാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ മൂന്നെണ്ണം പബ്ലിക് ടോയ് ലറ്റ് സ്ഥാപിക്കുന്നതിനുള്ളതും ഒന്ന് PMAYക്ക് 200000 രൂപ അടങ്കലിൽ അംഗീകാരം ലഭിച്ച പ്രൊജക്ടുമാണ്. ഇവയൊന്നും നിർവ്വഹിച്ചിട്ടില്ല. ബാക്കിയുള്ള എട്ട് പ്രൊജക്ടുകളും ഭവന നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനുള്ള പ്രൊജക്ടുകളാണ്. ഇതിൽ അഞ്ചെണ്ണം മാത്രമാണ് തൻവർഷം ആകെ

നിർവ്വഹിച്ചിട്ടുള്ളത്. വിവിധ പ്രൊജക്ടുകളിലെ ചെലവ് വിലയിരുത്തിയതിൽ പ്രൊജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | 12/20 വീട് വാസയോഗ്യമാക്കൽ | 1952000 | 112000 | 5.73% |
| 2 | 13/20 വീട് വാസയോഗ്യമാക്കൽ (SC) | 660000 | 0 | 0% |
| 3 | 29/20 ലൈഫ് പ്രൊജക്ട് | 3720800 | 2920000 | 78.47% |
| 4 | 53/20ലൈഫ് പ്രൊജക്ട്(SC) | 798000 | 0 | 0% |
| 5 | SO.169/20ലൈഫ് പ്രൊജക്ട്(SC) | 100000 | 100000 | 100% |
| 6 | SO.232/20 വീട് വാസയോഗ്യമാക്കൽ | 1925000 | 1200000 | 62.33% |
| 7 | SO.233/20 വീട് വാസയോഗ്യമാക്കൽ (SC) | 450000 | 150000 | 33.33% |
| 8 | SO.234/20 ലൈഫ് പ്രൊജക്ട് | 3920000 | 0 | 0% |

ജനക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാതെ പോയത് ആശാസ്യമല്ല. ഭരണ സമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2. രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല.

വി.ഇ.ഒ സൂക്ഷിക്കുന്ന കാഷ് ബുക്ക് TR 7A കാഷ് ബുക്ക് അല്ല. അതുപോലെ വി.ഇ.ഒ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. TR 7A കാഷ് ബുക്കും പ്രൊജക്ട് രജിസ്റ്ററും എഴുതി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2019-20 | 17 06.2021 മുതൽ 18.06.2021 വരെ | കെ.എസ്.എ.എം.പി.എം. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 250000 | 22/20 | പ്രൊ.നം-106/2019-20 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 399961 | 22/20 | പ്രൊ.നം-106/2019-20 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 399961 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവ്വഹണ ഏജൻസി | Project No | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രൊജക്ട് രേഖകൾ ഹാജരാക്കിയില്ല | വിവിധ സ്ഥലങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900505/22.11.2019<br>21900642/31.12.2019 | 58454<br>21016 | 0<br>0 | ലഭ്യമല്ല<br>ലഭ്യമല്ല | 58454<br>21016 |
| കേരള വാട്ടർ അതോറിറ്റി | 23/20 | തിരുന്നാവായ കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം. 24/26.09.2019 | 3500000 | 0 | ലഭ്യമല്ല | 3500000 |

കുറിപ്പ്

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Life Mission | 511/2018 തീയതി- | 2248634 | 2248634 | 323529 | 0 | 1925105 |

| | Housing Scheme | 01.01.2019 | | | | | |
|---|---|---|---|---|---|---|---|

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2110798 |
| തൻവർഷം നിക്ഷേപിച്ച തുക | 174141 |
| ആകെ | 2284939 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2284939 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1 | 5780 | അബ്ദുൾ നാസർ (ഓവർസിയർ) | 119160102719, തീയതി-27.01.2019 |
| 2017-18 | 3-18 | 19750 | മുഹമ്മദ് ബഷീർ (കരാറുക്കാരൻ) | 119160101148, തീയതി-14.05.2019 |
| ആകെ | | 25530 | | |

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2012-13, | 2(4) | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 2-1(എ) | സി.കെ.രാജീവൻ | LF 10429/ Spl.Cell/CSCD1/12 14.7.14 | 17260 | അടവാക്കി 10000 (Rt 11204400003/20.2.13) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 7260 (Rt 29/55556/10.10.14) |
| 2 | 2006-07 | 2-1(A) | കെ.സി രാജീവൻ സെക്രട്ടറി | LF 10421/ Spl.Cell/SCD1/12 26.9.14 | 19197 | അടവാക്കി 19197 (Rt 29/55556/10.10.14) |
| 3 | 2005-06 | 3-1 | കെ.വി. അരവിന്ദാക്ഷൻ | LF 10429/ Spl.Cell/CSC D1/2012 14.7.14 | 3922 | 3922 അടച്ചു Rt 11404400009/8.8.14 |
| 4 | 96-97 | 43 (1) (2),4647,51 (1) (2) | കെ.മൊയ്തുണ്ണി | LF 7739/ Spl.Cell/SC1/2000 16.3.02 | 39278 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,65,40,411 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,71,21,175 |
| ആകെ | 10,36,61,586 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,84,15,010 |
| നീക്കിയിരിപ്പ് | 4,52,46,576 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 55,67,999 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല. | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 22,767 | പ്രീത എസ് നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 35,00,000 | സക്കീർ ഹുസൈൻ, സെക്രട്ടറി |
| 1-28 | 1,52,000 | സക്കീർ ഹുസൈൻ, സെക്രട്ടറി |
| 1-29 | 29,818 | സക്കീർ ഹുസൈൻ, സെക്രട്ടറി |
| 1-31 | 71,000 | റോസി സി, സെക്രട്ടറി |
| 1-32 | 58,454 | സക്കീർ ഹുസൈൻ, സെക്രട്ടറി |
| 1-33 | 50,000 | റോസി സി, സെക്രട്ടറി |
| 1-34 | 44,530 | റോസി സി, സെക്രട്ടറി: 6,030 |
| | | കിരൺ ചന്ദ് എസ്.ഡി, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്): 38,500 |

| | | |
|---|---|---|
| 1-35 | 47,430 | കിരൺ ചന്ദ് എസ്.ഡി, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) |
| 1-36 | 1500000 | സക്കീർ ഹുസൈൻ (സെക്രട്ടറി) |
| 1-37 | 60,000 | സുജിത്, വി.ഇ.ഒ |
| 1-38 | 32,000 | സുജിത്, വി.ഇ.ഒ |
| 1-39 | 7,00,000 | സുജിത്, വി.ഇ.ഒ |
| ആകെ | 55,67,999 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക് |
|---|---|---|---|
| 1992-93,93-94 | LFM11/563/02, Dt;19-10-10 | 5 | |
| 1994-95,95-96 | LFM13/736/99, Dt;19-10-10 | 10 | |
| 1996-97 | LFM13/371/02,Dt;19-10-10 | 8 | |
| 1-4-97 To 30-6-98 | LFM13/339/04 Dt. 19.10.10 | 9 | |
| 1998-99 | LF M12/875/04 Dt. 19.10.10 | 8 | |
| 199-00 | LF M13/1473/04 Dt. 19.10.10 | 3 | |
| 2000-01 | LF M13/ 1474/04 Dt. 19.10.10 | 1 | |
| 2001-02 | LFM12/1475/04 Dt 19.10.10 | 3 | |
| 2002-03 | LFM0/279/08 Dt. 19.10.10 | 4 | |
| 2003-04 | Lf M13/280/08 Dt. 19.10.10 | 3 | |
| 2004-05 | LFM19/2022/08, Dt. 19.10.10 | 22 | |
| 2005-06 | LFM19/913/10, Dt: 21-8-10 | 10 | |
| 2006-07 | LF M19/ 914/10 Dt. 21.08.10 | 17 | |
| 2007-08 | LFM13/537/12, Dt: 24-4-12 | 24 | |
| 2008-09 | LF M13/538/12 Dt. 24.4.12 | 18 | |
| 2009-10,2010-11 | LF M13/1623/13 Dt: 25-9-13 | 25 | |
| 2011-12, 2012-13 | KSAMPM 13/1562/15, 25-9-13 | 25 | |
| 2013-14, 2014-15 | KSAMPM 13/1874/16, 27-07-16 | 21 | |
| 2015-16 | KSAMPM 13/3019/16, 18-11-16 | 22 | - |
| 2016-17 | KSAMPM 13/2015/2017 Dt.25.09.2017 | 19 | |
| 2017-18 | KSA MPM13/49/19 Dt. 16.02.19 | 21 | |
| 2018-19 | KSA MPM13/239/20 Dt. 19.11.2020 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്